# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 165 | 11-06-2012 - ൽ മറുപടിക്ക്

### ദേശീയ വ്യവഹാര നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. എ. മാധവൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എ. റ്റി. ജോർജ് | ശ്രീ. കെ. എം. മാണി<br>ബഹു: ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |

| | | |
|---|---|---|
| (എ) | കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ദേശീയ വ്യവഹാരനയം കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ ? | ദേശീയ വ്യവഹാരനയത്തിന്റെ ചുവടുപിടിച്ച് സംസ്ഥാന സർക്കാർ രൂപീകരിച്ച സംസ്ഥാന വ്യവഹാരനയം 03-12-2011 ലെ സ. ഉ. (പി) നം. 12/2011/നിയമം പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത നയം നടപ്പിലാക്കിവരുന്നു. |
| (ബി) | ദേശീയ വ്യവഹാരനയത്തിന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും എന്താണെന്ന് വ്യക്തമാക്കാമോ ? | കേന്ദ്രസർക്കാർ കക്ഷിയായിട്ടുള്ള കേസ്സുകൾ ഉത്തരവാദിത്വത്തോടെയും കാര്യക്ഷമതയോടെയും നടത്തുകയും പ്രസ്തുത നയത്തിന്റെ ചുവട് പിടിച്ച് എല്ലാ സംസ്ഥാനസർക്കാരുകളും സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് ദേശീയ വ്യവഹാരനയം കൊണ്ട് ഉദ്ദേശിക്കുന്നത്. കോടതികളിൽ കെട്ടിക്കിടക്കുന്ന സർക്കാർ കക്ഷിയായിട്ടുള്ള കേസുകളുടെ ശരാശരി കാലാവധി 15 വർഷത്തിൽ നിന്നും 3 വർഷമായി കുറയ്ക്കുകയും സർക്കാർ കക്ഷിയായ കേസുകൾ ഉത്തരവാദിത്വത്തോടെയും കാര്യക്ഷമതയോടെയും സമയബന്ധിതമായും സംയോജിപ്പിച്ച് നടത്തുന്നതിനും അടിസ്ഥാനമുള്ള എല്ലാ വ്യവഹാരങ്ങളും വിജയിപ്പിക്കുന്നതിനും അനാവശ്യവ്യവഹാരങ്ങൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കുകയും ചെയ്യുക എന്നതാണ് വ്യവഹാരനയം നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. |
| (സി) | ഇതിനായി കേന്ദ്രസർക്കാർ സംസ്ഥാനത്തിന് എന്തെല്ലാം സഹായങ്ങൾ അനുവദിച്ചിരുന്നു. | സംസ്ഥാനത്തെ നീതിനിർവ്വഹണം മെച്ചപ്പെടുത്തുന്നതിനായി 2010-2015 കാലഘട്ടത്തിൽ 140.06 കോടി രൂപയാണ് കേന്ദ്രസർക്കാർ കേരള സംസ്ഥാനത്തിന് 13-ാം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരം നീക്കിവെച്ചിട്ടുള്ളത്. 2010-11-ൽ 28.01 കോടി രൂപ കേന്ദ്ര സർക്കാർ ഈയിനത്തിൽ നൽകിയിട്ടുണ്ട്. സംസ്ഥാനവ്യവഹാരനയം രൂപീകരിക്കുന്ന മുറയ്ക്കാണ് ബാക്കി തുക അനുവദിക്കുക. |
| (ഡി) | ദേശീയവ്യവഹാരനയം കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | ദേശീയ വ്യവഹാരനയത്തിന്റെ ചുവടുപിടിച്ച് സംസ്ഥാന സർക്കാർ രൂപീകരിച്ച സംസ്ഥാന വ്യവഹാരനയം 03-12-2011 ലെ സ. ഉ. (പി) നം. 12/2011/നിയമം പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത നയം നടപ്പിലാക്കിവരുന്നു. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ